HON'BLE MR. N. KUNJURAMAN : ഇൻഡ്യാ ഗവണ്മെൻറിൽനിന്ന് അതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ അയയ്ക്കാമെന്നു പറഞ്ഞിരിക്കുകയാണ്. അതിനുവേണ്ടി കാത്തിരിക്കുകയാണ്.

വനം വിഭജനം.

502. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) കോട്ടയം ഡിസ്ട്രിക്ടിൽപ്പെട്ട മഞ്ഞപ്ര റിസർവ്വിൽനിന്നും സ്ഥലം വിഭജിച്ചു നൽകിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാമെന്നും യഥാക്രമം എത്ര ഏക്കർ വീതമെന്നും?

(സി) ഇതിൽ പിന്നോക്ക സമുദായക്കാർക്ക് ആകെ നൽകിയിട്ടുള്ള സ്ഥലം എത്ര ഏക്കറെന്ന്?

HON'BLE MR. V. O. MARKOS : (എ) മഞ്ഞപ്ര റിസർവിൽ നിന്നും കൃഷിക്ക് സ്ഥലം വിട്ടുകൊടുത്തിട്ടില്ല. ഈ ഉത്തരത്തിൽനിന്ന് (ബി) (സി) ചോദ്യങ്ങൾക്ക് ഉത്തരം ഉത്ഭവിക്കുന്നില്ല.

MR. T. T. KESAVAN SASTRI : ആരെങ്കിലും അപേക്ഷകരം അയച്ചിട്ടുണ്ടായിരുന്നോ ?

HON'BLE MR. V. O. MARKOS : അപേക്ഷകരം ഉണ്ടായിരുന്നു എന്നാണ് തോന്നുന്നത്. ഇക്കൊല്ലത്തെയ്ക്ക് കൃഷിക്കു സ്ഥലം കൊടുക്കുന്നതിനായി റിസർവിൽ സ്ഥലം തിരിച്ചിട്ടിട്ടില്ല.

MR. T. T. KESAVAN SASTRI : മഞ്ഞപ്ര റിസർവ്വ് ആകെ എത്ര ഏക്കർ ഉണ്ടെന്നു പറയാമോ ?

HON'BLE MR. V. O. MARKOS : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

സ്കൂൾകെട്ടിടം പണി.

503. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*) താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) പൊടുമങ്ങാട് താലൂക്കിൽ നിർബന്ധിത വിദ്യാഭ്യാസാർത്ഥം എത്ര ടെമ്പററി സ്കൂൾ കെട്ടുന്നതിനു ടെൻഡർ കൊടുത്തിരുന്നുവെന്നും അതിൽ എത്രയെണ്ണത്തിന്റെ പണി നിവൃത്തിവരുത്തിച്ചുവെന്നും പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പണി നിറുത്തിവയ്ക്കുവാൻ കാരണങ്ങളെന്തെന്ന ദയവായി പറയുമോ?

HON'BLE MR. N. KUNJURAMAN : (എ) പന്ത ടെമ്പററി സ്കൂൾ കെട്ടിടങ്ങൾ. അവയിൽ പതിനാലെണ്ണത്തിന്റെ പണി നിറുത്തിവച്ചിരിക്കുകയാണ്.

(ബി) സ്ഥലവാസികളുടെ സഹകരണത്തോടുകൂടി സ്ഥിരമായ ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് സാദ്ധ്യമാകുമോ എന്നറിയുന്നതിനു വേണ്ടിയാണ് മേൽപ്പറഞ്ഞ ഫർ ടെമ്പററിഷെഡ ഡിന്റെ പണി നിറുത്തി വച്ചിരിക്കുന്നത്.

MR. PONNARA G. SREEDHAR (*Nadumangad II—General*) : സ്ഥലവാസികളല്ലേ ആ ഷെഡ്ഡുകൾ എല്ലാം കെട്ടിക്കൊടുത്തിട്ടുള്ളത്?

HON'BLE MR. N. KUNJURAMAN : ഫണ്ട് എണ്ണം ഗവണ്മെന്റ് നിർമ്മിച്ചിട്ടുള്ളതാണ്.

MR. PONNARA G. SREEDHAR : ആ ഷെഡ്ഡുകൾ എല്ലാം സ്ഥലവാസികൾ കെട്ടിക്കൊടുത്തതല്ലേ?

HON'BLE MR. N. KUNJURAMAN : പതിനാലെണ്ണം , മാത്രമേ സ്ഥലവാസികൾ കെട്ടിക്കൊടുത്തിട്ടുള്ളൂ.

MR. PONNARA G. SREEDHAR : ഈ വർഷം ഓലകെട്ടാൻ ഗവണ്മെന്റ് എന്തെങ്കിലും ഏർപ്പാട് ചെയ്തിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : അതിനു സമയമായില്ല.

MR. PONNARA G. SREEDHAR: ഷെഡ്ഡുകൾ പലതും ഇടിഞ്ഞുവീണുകിടക്കുകയാണെന്നറിയാമോ?

HON'BLE MR. N. KUNJURAMAN : ചില ഷെഡ്ഡുകൾക്കെല്ലാം കേടുപാടു പറ്റിയിട്ടുണ്ട്.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ ആവശ്യമുള്ള പള്ളിക്കൂടങ്ങൾ സ്ഥലവാസികൾ കെട്ടിക്കൊടുക്കണമെന്നാണോ ഗവണ്മെന്റിന്റെ നയം.

HON'BLE MR. N. KUNJURAMAN : അല്ല.

MR. K. A. MATHEW (*Thiruvella IV—General*) : ടെമ്പററി സ്കൂൾകൾ എന്നു പറയുന്നത് ഏതു കൊല്ലത്തേക്കാണ്?

HON'BLE MR. N. KUNJURAMAN : ഈ കൊല്ലമെന്നാണ് ഇപ്പോൾ വച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. PONNARA G. SREEDHAR : ഈ ടെമ്പററി ഷെഡ്ഡുകളുടെ ചെലവ് എന്താണ്?

HON'BLE MR. N. KUNJURAMAN : ഏകദേശം രൂപാ.

MR. P. M. VARGHESE (*Thodupuzha II—General*) : നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഈ സ്കൂളുകളിൽ എല്ലാം ഇപ്പോൾ നടക്കുന്നുണ്ടോ?

HON'BLE MR. N. KUNJURAMAN : ഉണ്ട്. സ്ഥലപ്പരുക്കം ഉണ്ടെന്നല്ലാതെ മറ്റു തടസ്സമില്ല.

Constitution for Travancore.

*504. MR K. P. NILAKANTA PILLAI Will the Hon'ble Minister for Political and General be pleased to state :

(*a*) whether the Travancore Government have received any directions from the States Department of the Government of India to the effect that there is no need to frame a separate constitution for Travancore since a model constitution is proposed to be framed for the States by the Union Government ; and

(*b*) whether Government have lodged a protest to the States Ministry of the Government of India against their proposal to frame a monel constitution for the States including Travancore ?

HON'BLE MR. T. K. NARAYANA PILLAI : (*a*) A communication was received from the Ministry of States requesting that action in regard to the framing of a Constitution for Travancore may be postponed till the Expert Committee appointed by the Government of India for framing a model Constitution for Indian States sends up its report No direction has been received from the Government of India that a separate Constitution for Travancore need not be framed.

(*b*) A reply was sent to the Ministry of States that under the terms of the Travancore Interim Constitution Act, the Travancore Representative Body alone is competent to frame a Constitution for Travancore subject to approval by His Highness the Maharaja, but that the Report of the Expert Committee appointed by the Government of India will be awaited before placing our Draft Constitution before the Representative Body.

MR. K. P. NILAKANTA PILLAI : രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചിടത്തോളം ഉള്ള ബെഞ്ചക്ഷീവു റെസല്യൂഷൻ ഇവിടെ അവതരിപ്പിക്കുവാൻ തുടങ്ങിയപ്പോൾ ഇവിടെ അവതരിപ്പിക്കാൻ അനുവദിക്കാതിരുന്ന സ്ഥിതിക്ക് ഇവിടെ ഇതു സംബന്ധിച്ചു് നടപടികൾ തുടരേണ്ട ആവശ്യം ഉണ്ടോ?

MR. P. T. CHACKO (*Kottayam II—General*) : അസംബ്ലിയിൽ ബെഞ്ചക്ഷീവു് റെസല്യൂഷൻ എന്തെങ്കിലും കൊണ്ടുവന്നോ?

LIBRARY ARCHIVES Kerala Legislative Assembly